**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം - മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ. സുമേഷ് എം.കെ യുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.381/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 10/02/2017.

---

പരാമർശം : 1. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05.04.2016 ലെ ഡി3-6252/16/K Dis നമ്പർ നടപടിക്രമം.

2. പഞ്ചായത്ത് ഡയറക്ടറുടെ 02.08.2016, 18.01.2017 എന്നീ തീയതികളിലെ ഇ 6-15856/2016 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ. സുമേഷ് എം.കെ യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു

2. ശ്രീ. സുമേഷ് എം.കെ ക്ലാർക്കായി 05.01.2012 ൽ സേവനത്തിൽ പ്രവേശിച്ചു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം.ഒ.പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ടിയാന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 05.01.2014 മുതൽ ഒരു വർഷത്തേക്ക് പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. 11.08.2015 ൽ ടിയാൻ എം.ഒ.പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 12.08.2015 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 13.08.2015 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്നാണ് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിയ്ക്കുന്നത്.

3. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ സുമേഷ് എം.കെ, എം.ഒ.പി പരീക്ഷ വിജയിച്ച 11.08.2015 ന്റെ തൊട്ടടുത്ത ദിവസമായ 12.08.2015 FN ന് ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 13.08.2015 AN വരെ കെ.എസ്&എസ്.എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വി.പി. ശ്രീജിത്ത്**

**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, ചേലേമ്പ്ര ഗ്രാമപഞ്ചായത്താഫീസ്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 119/ഇപിഎ 1/2016/തസ്വഭവ)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ